ജില്ല	സെക്യൂരിറ്റി ഏജൻസികളുടെ എണ്ണം	സെക്യൂരിറ്റി ജീവനക്കാരുടെ എണ്ണം
തിരുവനന്തപുരം	46	5, 025
കൊല്ലം	19	854
ആലപ്പുഴ	31	582
പത്തനംതിട്ട	22	574
കോട്ടയം	6	372
എറണാകുളം	103	5, 262
തൃശ്ശൂർ	15	194
ഇടുക്കി	12	192
പാലക്കാട്	32	524
മലപ്പുറം	14	429
വയനാട്	6	422
കണ്ണൂർ	19	357
കാസർഗോഡ്	10	83
കോഴിക്കോട്	38	1, 682
ആകെ	373	16, 552

ചാത്തന്നൂരിലെ കൺസൂക്ഷൻ അക്കാഡമി

175 (2384) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ സംസ്ഥാന കൺസൂക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിലേക്കായി എത്ര ഏക്കർ ഭൂമിയാണ് വിലയ്ക്ക് വാങ്ങിയെതെന്നും എത്ര രൂപയ്ക്കാണെന്നും അറിയിക്കുമോ ;

(ബി) കഴിഞ്ഞ സർക്കാർ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിലേക്കായി എന്തൊക്കെ പ്രാഥമിക നടപടികളാണ് ആരംഭിച്ചിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് 4 വർഷം പിന്നിട്ടപ്പോൾ പ്രസ്തുത സ്ഥാപനം പ്രാവർത്തികമാക്കുന്നതിലേക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) കൺസൂക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിൽ നിന്നും ഈ സർക്കാർ പിന്മാറിയോ ; ഇല്ലായെങ്കിൽ എന്നത്തേക്ക് ഈ സ്ഥാപനം ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 10 ഏക്കർ ഭൂമി 14,94,88,000 (പതിനാല് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി എൺപത്തി എണ്ണായിരം രൂപ) രൂപയ്ക്ക് വിലയ്ക്ക് വാങ്ങി.

(ബി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിൽ ഹൈദരാബാദിൽ നിലവിലുള്ള കൺസൂക്ഷൻ അക്കാഡമിയുടെ മാതൃകയിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് 11-8-2009-ൽ സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന് വ്യവസായ വകുപ്പിന്റെ 5-4-2010-ലെ ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ സ്ഥലം കൺസൂക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിനുവേണ്ടി 23-2-2011-ൽ വിലയ്ക്ക് വാങ്ങുകയുണ്ടായി. ഇപ്രകാരമുള്ള കൺസൂക്ഷൻ അക്കാഡമിക്കുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് കേരള സർവ്വകലാശാലയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള എന്ന് സ്ഥാപനവുമായുള്ള ചർച്ചയിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം 31-12-2009-ൽ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചു. കൂടാതെ 16-2-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ബോർഡിന് കീഴിൽ രൂപീകരിക്കുന്ന കൺസൂക്ഷൻ അക്കാഡമിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ സർക്കാർ അംഗീകരിക്കുകയും ടി അക്കാഡമി 1955-ലെ സാഹിത്യശാസ്ത്ര ധർമ്മസ്ഥാപന സംഘം രജിസ്ട്രേഷൻ നിയമത്തിലെ വ്യവസ്ഥയിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. കൺസൂക്ഷൻ അക്കാഡമിക്കുവേണ്ടി വിലയ്ക്ക് വാങ്ങിയ സ്ഥലത്ത് 1-3-2011-ൽ അന്നത്തെ ബഹു. എക്സൈസ് തൊഴിൽ വകുപ്പുമന്ത്രി തറക്കല്ലിടുകയുണ്ടായി. കൂടാതെ കൺസൂക്ഷൻ അക്കാഡമിയുടെ പ്രഥമ എക്സിക്യൂട്ടീവ് യോഗം 28-3-2011-ലും ആദ്യ ഗവേണിംഗ് ബോഡി യോഗം 9-5-2011-ലും ചേരുകയുണ്ടായി.

(സി) കേരള കൺസൂക്ഷൻ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ബോർഡിന്റെ 23-5-2011-ലെ 13-ാമത് ബോർഡ് യോഗം 75/2011

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നമ്പർ തീരുമാനപ്രകാരം അക്കാഡമിക്കുവേണ്ടി വിലയ്ക്കു വാങ്ങിയ 10 ഏക്കർ വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കവേ, ടി വസ്തുവിന്റെ ഒരു ഭാഗത്ത് സ്പിന്നിംഗ് മില്ലിന്റെ ഇലക്ട്രിക്കൽ സംവിധാനങ്ങൾ ഉൾപ്പെടുന്നതിനാൽ ടി സ്ഥലം തിരികെ ലഭിച്ചില്ലെങ്കിൽ ആയത് സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും ആയതിനാൽ പ്രസ്തുത ഇലക്ട്രിക് സംവിധാനങ്ങൾ ഉൾപ്പെടുന്ന വസ്തു സ്പിന്നിംഗ് മില്ലിന് തിരികെ നൽകണമെന്നും ഇതിന് പകരമായി അനുയോജ്യമായ വസ്തു നൽകാമെന്നും മിൽ അധികൃതർ അറിയിച്ചതിനെ തുടർന്ന് നൽകേണ്ട ഭൂമിയും ഏറ്റെടുക്കേണ്ട ഭൂമിയും 21-7-2012-ൽ അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. ഇപ്രകാരം മില്ലിന് നൽകുന്ന 6.48 ആർ. (16 സെന്റ്) സ്ഥലത്തിനു പകരം ദേശീയ പാതയോടുചേർന്നുള്ള വസ്തു കൺസ്ട്രക്ഷൻ അക്കാഡമിക്കായി ഏറ്റെടുക്കുന്നതിന് 20-12-2012-ൽ ധാരണാപത്രം ഒപ്പിട്ടു. ഇപ്രകാരം കൈമാറ്റം ചെയ്യുന്ന 16 സെന്റ് വസ്തു അളന്ന് തിരിച്ച് സർവ്വെകല്ല് സ്ഥാപിക്കുകയും പരസ്പര മാറ്റാധാരം രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിലും, രജിസ്ട്രേഷൻ ഫീസിലും ഇളവിലേയ്ക്കായും ടി വസ്തുവിന് പി.ഡബ്ല്യു.ഡി. മുഖേന ഡെപ്പോസിറ്റ് വർക്കായി ചുറ്റുമതിൽ കെട്ടുന്നതിനും നടപടി തുടർന്നുവരികയുമാണ്.

തൊഴിലാളികളുടെയും ആശ്രിതരുടെയും തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനായി പുതിയ ഐ.ടി.ഐകളും നിലവിലുള്ളവയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സെസ്സ് വരുമാനത്തിന്റെ നീക്കിയിരുപ്പിൽ നിന്നും 20 ശതമാനം തുക ചെലവഴിക്കണമെന്നുള്ള കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബോർഡിന്റെ കീഴിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന കേരള കൺസ്ട്രക്ഷൻ അക്കാഡമി എന്ന ആശയത്തിനേക്കാൾ സാങ്കേതിക നിപുണതയും വിദഗ്ധ പരിശീലനവും നൽകത്തക്ക വിധത്തിലുള്ള അന്താരാഷ്ട്ര നിലവാരമുള്ള തൊഴിൽ വൈദഗ്ധ്യ കേന്ദ്രങ്ങളാണ് ഇപ്പോൾ ആവശ്യമെന്നുള്ളതിനാൽ മേൽപ്പറഞ്ഞ കേന്ദ്ര സർക്കാർ നിർദ്ദേശം പരിഗണിക്കാവുന്നതാണെന്നും ഇതിലേയ്ക്ക് ബോർഡിന്റെ ഉടമസ്ഥതയിൽ ചാത്തന്നൂരിലുള്ള 10 ഏക്കർ ഭൂമി വിനിയോഗിക്കുന്നത് ഉചിതമായിരിക്കും എന്ന ആശയം പരിഗണിച്ച് ടി സ്ഥലത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് സാധ്യത പരിശോധിച്ചുവരികയാണ്.

(ഡി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമബോർഡ് ചാത്തന്നൂരിൽ വിലയ്ക്കുവാങ്ങിയ 10 ഏക്കർ സ്ഥലത്ത് ബോർഡിന്റെ കീഴിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന കേരള കൺസ്ട്രക്ഷൻ അക്കാഡമി എന്ന ആശയത്തേക്കാൾ

സാങ്കേതിക നിപുണതയും വിദഗ്ധ പരിശീലനവും നൽകത്തക്കവിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യകേന്ദ്രം ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

ഒക്കുപ്പേഷണൽ ഹെൽത്ത് സെന്റർ

176 (2385) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലത്തെ ഒക്കുപ്പേഷണൽ ഹെൽത്ത് സെൻററിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ആവശ്യമായ സ്റ്റാഫ്, ലാബ്, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിലുള്ള കൊല്ലത്തെ ഒക്കുപ്പേഷണൽ ഹെൽത്ത് ആന്റ് റിസർച്ച് സെന്റർ (OHRC) ഫാക്ടറി തൊഴിലാളികളിൽ ഉണ്ടാകാൻ സാധ്യതയുള്ളതും ഫാക്ടറി നിയമത്തിലെ മൂന്നാം ഷെഡ്യൂളിൽ പ്രതിപാദിക്കുന്നതുമായ 29 തരം തൊഴിൽജന്യരോഗങ്ങൾ ഗവേഷണം നടത്തി കണ്ടെത്തി അവയെ പ്രതിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള സ്ഥാപനമാണ് ടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുള്ളതും ആയതിന്റെ ഉദ്ഘാടനം 10-10-2014-ന് നടന്നിട്ടുള്ളതുമാണ്. 2014-15-ൽ ടി സെന്ററിനുവേണ്ടി മെഡിക്കൽ ഉപകരണങ്ങളും, ലാബ് ഉപകരണങ്ങളും വാങ്ങുന്നതിനായി 2 കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും ടി സാമ്പത്തിക വർഷം ഉപകരണങ്ങൾ എല്ലാം വാങ്ങുകയും ചെയ്തിട്ടുണ്ട്. 2015-16 കാലയളവിൽ ക്രഷർ ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ കണ്ടുവരുന്ന സിലിക്കോസിസ്, കശുവണ്ടി ഫാക്ടറികളിൽ കണ്ടുവരുന്ന തൊഴിൽ ജന്യ രോഗങ്ങൾ എന്നിവ കണ്ടുപിടിക്കുന്നതിനായി ഒരു ഒക്കുപ്പേഷണൽ ഹെൽത്ത് സർവ്വേ നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(ബി) ടി സ്ഥാപനത്തിൽ ആവശ്യമായ ലാബ്, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിലേയ്ക്ക് കോൺടാക്ട് വ്യവസ്ഥയിൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly